# ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ നവീകരണത്തെക്കുറിച്ച് പഠിക്കാൻ നിയുക്തമായ ശ്രീ. കെ. കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ പ്രധാന ശുപാർശ കൾ

മാധ്യമങ്ങളിൽ വരുന്ന ജനകീയ പ്രശ്നങ്ങളും പ്രതികരണങ്ങളും അപ്പപ്പോൾ ഓൺലൈനായി മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട മന്ത്രിമാർക്കും എത്തിക്കാൻ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി മീഡിയാ മോണിറ്ററിംഗ് ആന്റ് ഫീഡ് ബാക്ക് സംവിധാനത്തിന് രൂപം നൽകണമെന്ന് ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ നവീകരണത്തെക്കുറിച്ച് പഠിക്കാൻ നിയുക്തമായ ശ്രീ.കെ.കുഞ്ഞികൃഷ്ണൻ കമ്മിറ്റി ശുപാർശ ചെയ്തു. വിവിധ സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് വഴി മാത്രം മാധ്യമങ്ങൾക്ക് നൽകുന്ന സംവിധാനം ഉണ്ടാക്കണം. ഇതുമൂലം സർക്കാരിന് സാമ്പത്തികലാഭം ഉണ്ടാക്കാൻ കഴിയും. കമ്മിറ്റിയുടെ അന്തിമറിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചു.

ടി.വി.ചാനലുകൾ, ഇന്റർനെറ്റ്, വെബ് റേഡിയോ എന്നിവയുൾപ്പെടെയുള്ള മാധ്യമങ്ങളിൽനിന്ന് ഇത്തരം വാർത്തകൾ ശേഖരിച്ച് രാവിലെ ഏഴുമണിക്കുതന്നെ മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട മന്ത്രിമാർക്കും സെക്രട്ടറിമാർക്കും ലഭ്യമാക്കണം. ഇതിൻമേലുള്ള സർക്കാർ വിശദീകരണം യഥാസമയം മാധ്യമങ്ങൾക്കു ലഭ്യമാക്കാൻ ഇതുവഴി സാധിക്കും. ആന്ധ്രാപ്രദേശിൽ നിലവിലുള്ള എ.പി.വൺ സംവിധാനം ഇതിനു മാതൃകയാക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.

പത്രസ്ഥാപനത്തിന്റെ മാതൃകയിൽ വകുപ്പിന്റെ പ്രവർത്തനം പുനഃക്രമീകരിക്കണം. വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ രാവിലെ ആറുമുതൽ രാത്രി പത്തുവരെ പ്രവർത്തിച്ചാൽ മാത്രമേ ഇതു സാധിക്കൂ. ഇതിനായി ഷിഫ്റ്റു സമ്പ്രദായം ഏർപ്പെടുത്തണം. മീഡിയാ മോണിറ്ററിംഗ് ആന്റ് ഫീഡ് ബാക്ക് സമ്പ്രദായം രാവിലെ ആറു മണി മുതലും പ്രസ് റിലീസ് വിഭാഗം രാത്രി പത്തു മണി വരെയും പ്രവർത്തിക്കണം. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തന സമയം രാത്രി എട്ടു മണിവരെയാക്കണം. പുതിയ മാറ്റങ്ങൾ ഏറ്റെടുക്കാൻ വകുപ്പിന്റെ അംഗബലം നിലവിലെ 108ൽ നിന്നും 248 ആയെങ്കിലും ഉയർത്തണം.

സർക്കാരിന്റെ പ്രവർത്തനങ്ങൾ, ദൈനംദിന സംഭവവികാസങ്ങൾ എന്നിവ റിക്കോർഡ് ചെയ്യുന്നതിനും ചാനലുകൾക്ക് നൽകുന്നതിനും ഇന്റർനെറ്റിൽ ലഭ്യമാക്കാനുമായി വകുപ്പിനു കീഴിൽ സമ്പൂർണ്ണ ഇലക്ട്രോണിക് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ രൂപീകരിക്കണം. വകുപ്പിലെ ഒരു സീനിയർ ഉദ്യോഗസ്ഥന്റെ ചുമതലയിലുള്ള ഈ വിഭാഗത്തിലെ സാങ്കേതിക വിഭാഗത്തിൽ വിവരസാങ്കേതിക മേഖലയിൽനിന്നുള്ള വിദഗ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കണം. സർക്കാരിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സേവനങ്ങളും ലഭ്യമാകുന്നതരത്തിൽ സർക്കാർ വെബ് പോർട്ടലിനെ ഇൻഫർമേഷൻ ഗേറ്റ് വേയായി രൂപാന്തരപ്പെടുത്തണം. പുതുതായി രൂപീകരിക്കുന്ന വെബ്ബ് ഡിവിഷന്റെ സേവനം ഇതിനായി ഉപയോഗിക്കാം. സർക്കാർ വെബ്സൈറ്റ് ഇപ്പോൾതന്നെ പ്രതിമാസം ശരാശരി 18 ലക്ഷം പേർ സന്ദർശിക്കുന്നുണ്ട്. മത്സരപരീക്ഷകളുടെ ഫലം, തെരഞ്ഞെടുപ്പ് ഫലം മുതലായവ പ്രഖ്യാപിക്കുമ്പോൾ സന്ദർശകരുടെ തിരക്ക് ഏറെ വർദ്ധിക്കുന്നു. ഇത് മുന്നിൽകണ്ടുകൊണ്ട് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം. തൽസമയ വാർത്താസംപ്രേഷണം നടത്താവുന്ന വെബ് ചാനൽ, ആർട്ട് വെബ് വിംഗ്, സമാന്തര ആശയ വിനിമയ സംവിധാനങ്ങൾ തുടങ്ങിയവ കുറഞ്ഞ ചെലവിൽ വികസിപ്പിച്ചെടുക്കണം.

സർക്കാരിന്റെ കണ്ണും കാതു മായി പ്രവർത്തിക്കുന്ന ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് മറ്റ് വകുപ്പുകളിൽ നിന്നും എന്തു കൊണ്ടും വ്യത്യസ്ഥമാണ്. മാധ്യമലോകത്തെ സർക്കാരുമായി ബന്ധിപ്പിക്കുന്ന ഈ വകുപ്പ് പലപ്പോഴും 24 മണിക്കൂറും സജ്ജമായിരിക്കണം. വകുപ്പിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിന് വകുപ്പിനെ അവശ്യസേവന ദാതാവ് (Essential Service Provider) ആയി പ്രഖ്യാപിക്കണം. ഇതിന്റെ ഭാഗമായി വകുപ്പിനെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കണം.

പത്രക്കുറിപ്പുകൾ അവ തയ്യാറാക്കുമ്പോൾ തന്നെ ഓൺലൈനായി പത്ര സ്ഥാപനങ്ങളുടെ മെയിൽ ബോക്സിൽ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തണം. കന്നഡ, തമിഴ് പത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന കാസർഗോഡ്, ഇടുക്കി ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽനിന്ന് അതത് ഭാഷകളിൽ പത്രക്കുറിപ്പ് ഇറക്കുന്നതിനായി ഈ ഭാഷ അറിയാവുന്ന ഉദ്യോഗസ്ഥരെ നിയമിക്കണം. വാർത്താ ഏജൻസികൾ, ഇംഗ്ളീഷ് മാധ്യമങ്ങൾ മുതലായവ മുന്നിൽകണ്ടു കൊണ്ട് ഇംഗ്ളീഷിലും പത്രക്കുറിപ്പുകൾ നൽകണം. ജില്ലകളിൽ നടക്കുന്ന സർക്കാർ ചടങ്ങുകൾ റിക്കോർഡ് ചെയ്ത് ചാനലുകൾക്ക് നൽകാനും നടപടി സ്വീകരിക്കണം.

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിലും സംസ്ഥാനത്തെ കുറിച്ചുള്ള വിപുലമായ വിജ്ഞാന ശേഖരം ഉണ്ടാകണം. വകുപ്പ് ആസ്ഥാനത്ത് ഓഡിയോ, വീഡിയോ ആർക്കൈവ്സ്(ഓട്ടോമേറ്റഡ്) രൂപീകരിക്കണം.

നിലവിലുള്ള കാലഹരണപ്പെട്ട വാർത്താവിതരണ സംവിധാനം അടിയന്തിരമായി പൊളിച്ചെഴുതണം. വീഡിയോ ക്ലിപ്പിംഗുകൾ കുറിയർ വഴി ഡയറക്ടേറ്റിലേക്ക് അയക്കുന്ന പഴഞ്ചൻ രീതിക്കുപകരം ക്ലിപ്പിംഗുകൾ സെർവർ വഴി തൽസമയം ഡയറക്ടേറ്റിലും അപ്പപ്പോൾ മാധ്യമങ്ങൾക്കും എത്തിക്കാൻ ഒപ്ടിക്കൽ ഫൈബർ കണക്ടിവിറ്റിയും  ഇന്റർനെറ്റ് മെയിൽ സംവിധാനവും ഏർപ്പെടുത്തണം. ഇതിനായി ജില്ലാ ഓഫീസുകളിലെ കമ്പ്യൂട്ടർ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തണം. ജില്ലയിൽ നിന്നുള്ള ക്ലിംപ്പിംഗുകൾ സ്വീകരിക്കുന്നതിനും എഡിറ്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ലോഗു ചെയ്യുന്നതിനും ഡയറക്ടേറ്റിൽ ഒരു സീനിയർ ഓഫീസറുടെ ചുമതലയിൽ കുറ്റമറ്റ സംവിധാനം രൂപീകരിക്കണം.

പ്രാദേശികചാനലുകളും പത്രങ്ങൾക്ക് പ്രാദേശികപേജുകളും വന്നതോടെ താഴെതലത്തിൽ പി.ആർ. ഓഫീസ് കൂടിയേ തീരൂ. ജില്ലാതലത്തിലൊതുങ്ങുന്ന പൊതുജനസമ്പർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ താലൂക്ക് തലം വരെയെങ്കിലും വ്യാപിപ്പിക്കേണ്ടതാണ്. പശ്ചിമ ബംഗാൾ അടക്കമുള്ള മിക്ക സംസ്ഥാനങ്ങളിലും വില്ലേജുതലം വരെയുള്ള ഇൻഫർമേഷൻ ഓഫീസുകൾ വഴി സർക്കാർ പരിപാടികൾ അപ്പപ്പോൾ ജനങ്ങളിലെത്തിക്കാൻ സാധിക്കുന്നു. വകുപ്പിന്റെ പ്രവർത്തനം താഴേതട്ടിലെത്തിക്കാൻ താലൂക്ക് തലത്തിൽ അസി. ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കണം.

പൊതുജനങ്ങളുമായി നിരന്തരം ബന്ധപ്പെട്ടുവരുന്ന 24 പ്രധാന വകുപ്പുകളിലും സ്ഥാപനങ്ങളിലും കേന്ദ്രസർക്കാർ മാതൃകയിൽ പി.ആർ.ഡി ഓഫീസർമാരെ ഔദ്യോഗിക വക്താക്കളായി നിയമിക്കണം. സർക്കാർ പദ്ധതികളുടെ നൈരന്തര്യം കാത്തുസൂക്ഷിക്കാനും മികച്ച മാധ്യമബന്ധം ഉറപ്പു വരുത്താനും ഇതുവഴി കഴിയും.

വകുപ്പിന്റെ വാഹനങ്ങൾക്കുള്ള ഇന്ധനചെലവ് പ്രതിവർഷം 5,000 രൂപയെന്നത് ഇന്നത്തെ സാഹചര്യത്തിൽ വളരെ കുറവാണെന്ന് കമ്മിറ്റി വിലയിരു

ത്തി. വകുപ്പിന്റെ ആവശ്യങ്ങൾക്ക് വാഹന സൗകര്യം ഒഴിച്ചുകൂടാനാവാത്തതാണ്. ആന്ധ്രാപ്രദേശ് സർക്കാരിന്റെ മാതൃകയിൽ വകുപ്പിലെ വാഹനങ്ങൾക്ക് മാസം 250 ലിറ്റർ വീതം ഇന്ധനം അനുവദിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തു. വാഹനങ്ങൾ, വീഡിയോ പ്രൊജക്ടർ മുതലായവയുടെ അറ്റകുറ്റപണികൾ സംബന്ധിച്ച ഓഫീസ് ജോലികൾ ഏകോപിപ്പിക്കുന്നതിന് ഒരു സീനിയർ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.

വകുപ്പിനെ ഡയറക്ടേറ്റ് ഓഫ് ഇൻഫർമേഷൻ, മീഡിയ ആന്റ് പബ്ലിക് റിലേഷൻസ് എന്ന് പുനർനാമകരണം ചെയ്യണം. ഡയറക്ടർ ജനറൽ റാങ്കിലുള്ള വകുപ്പ് മേധാവിയുടെ കീഴിൽ ഡയറക്ടർ (പബ്ലിക് റിലേഷൻസ്), ഡയറക്ടർ (കൾച്ചറൽ അഫേഴ്സ്), ഡയറക്ടർ (ഫിലിം) എന്നിവർ പ്രവർത്തിക്കണം. ഡയറക്ടർ പബ്ലിക് റിലേഷൻസിന്റെ കീഴിൽ മീഡിയാ റിലേഷൻസ്, ഔട്ട് ഡോർ പബ്ലിസിറ്റി ആന്റ് അഡ്മിനിസ്ട്രേഷൻസ്, ന്യൂഡൽഹി ഓഫീസ് എന്നിവയ്ക്കായി മൂന്ന് അഡീഷണൽ ഡയറക്ടർമാർ ഉണ്ടാകണം. വകുപ്പിന്റെ വാഹനങ്ങൾ, വിസിറ്റിംഗ് കാർഡ്, ഓഫീസ് ബോർഡ്, ലെറ്റർ ഹെഡ് തുടങ്ങിയവയ്ക്ക് പ്രത്യേക നിറവും രൂപവും നൽകണം.

വകുപ്പിന് കീഴിലുള്ള ഫോട്ടോഗ്രാഫി വിഭാഗം നവീകരിക്കേണ്ടത് അത്യാവശ്യമാണ്. പഴയകാല ഫോട്ടോകൾ സൂക്ഷിച്ചു വയ്ക്കാനും ആവശ്യമുള്ളപ്പോൾ വീണ്ടെടുക്കാനുമായി അത്യാധുനിക രീതിയിൽ ആർകൈവ്സ് സംവിധാനം സ്ഥാപിക്കണം. ഡിജിറ്റൽ സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലെ ഫോട്ടോഗ്രാഫി വിഭാഗം നവീകരിക്കുകയും അവിടെ സ്ഥിരം ഫോട്ടോഗ്രാഫർമാരെ നിയമിക്കുകയും വേണം.

സർക്കാരും മാധ്യമവും തമ്മിലുള്ള ഏകോപനത്തിലെ പ്രധാനകണ്ണിയായ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക്പോലും വീടുകളിൽ ഔദ്യോഗിക ഫോൺ നൽകിയിട്ടില്ലെന്നത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാർത്താവിനിമയ സംവിധാനങ്ങൾ ദൈനംദിന ജീവിതത്തെ സ്വാധീനിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അതിനുള്ള സൗകര്യം നൽകേണ്ടത് അത്യാവശ്യമാണ്. ഏത് സമയവും വകുപ്പിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്നതിനും മാധ്യമങ്ങൾക്ക് വാർത്ത നൽകുന്നതിനുമായി അസി.ഇൻഫർമേഷൻ ഓഫീസർ റാങ്കുമുതലുള്ളവർക്ക് മൊബൈൽ ഫോണും വീട്ടിൽ ടെലിഫോൺ സൗകര്യവും നൽകണം.

ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിന്റെ മേധാവിയായി ഒരു അഡീഷണൽ ഡയറക്ടറെ നിയമിക്കണം. ഈ ഓഫീസിന്റെ ഇപ്പോഴുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥരുടെ എണ്ണവും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കണം.

എഡിറ്റോറിയൽ വിഭാഗത്തിലൊഴികെയുള്ള അസിസ്റ്റന്റ് എഡിറ്റർമാരുടെ സ്ഥാനപ്പേര് ഡപ്യൂട്ടി ഇൻഫർമേഷൻ ഓഫീസർ എന്നാക്കുകയും ഈ തസ്തിക സെക്ഷൻ ഓഫീസറുടേതിനു തുല്യമാക്കുകയും വേണം. സിനിമാ ഓപ്പറേറ്റർമാരുടെ സ്ഥാനപ്പേര് ഇൻഫർമേഷൻ അസിസ്റ്റന്റ് എന്നാക്കണം.

സംസ്ഥാന പ്ലാൻ ബജറ്റിന്റെ അരശതമാനമെങ്കിലും വകുപ്പിനായി മാറ്റി വയ്ക്കണം. വകുപ്പിലെ മുഴുവൻ ഓഫീസർമാർക്കും വിദഗ്ദ്ധപരിശീലനം നൽകണം. അന്താരാഷ്ട്ര നിലവാരമുള്ള ഏജൻസികളുടെ സഹായത്തോടെയുള്ള ഉന്നത പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.

കേരളത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് ആധുനിക സൗകര്യങ്ങൾ അടങ്ങിയ സ്വന്തം ആസ്ഥാനം വകുപ്പിന് അത്യാവശ്യമാണ്.

വകുപ്പിന്റെ അധീനതയിൽ തിരുവന്ത പുരത്തുള്ള ടാഗോർ തീയറ്റർ പരിസ രത്ത് “മാധ്യമഭവനം” എന്ന പേരിൽ സ്വന്തം ആസ്ഥാന മന്ദിരം നിർമ്മിക്കണം.

കേരള പ്രസ് അക്കാദമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം കോഴ്സുകൾ വൈവിധ്യവത്കരിക്കുകയും വേണം.

മാധ്യമപ്രവർത്തകർക്ക് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം.

ഭാവിയിൽ സാങ്കേതിക മേഖലയിൽ വൻമാറ്റങ്ങൾ വരികയും ടെലിവി ഷൻ മാധ്യമം വളരെ ചെലവ് കുറഞ്ഞതാവുകയും ചെയ്യുമെന്നാണ് സൂചന. ഈ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെലിവിഷൻ ചാനൽ തുടങ്ങണം. ഇതിനായി വകുപ്പിന് കീഴിൽ ഒരു കമ്പനി രൂപീകരിക്കണം. പത്രസമ്മേളന ങ്ങൾ, മറ്റു സർക്കാർ പരിപാടികൾ എന്നിവ തത്സമയം കാണിക്കു ന്നതുകൂടാതെ വിദ്യാഭ്യാസം, ആരോഗ്യം, വികസനം തുടങ്ങിയ മേഖലകളിൽ വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഇതി ലൂടെ കഴിയും.

1956ലെ അതേ ഘടനയിലും സ്വഭാവത്തിലും നിലനിൽക്കുന്ന വകുപ്പിൽ കാലോചിതമായ മാറ്റങ്ങൾ അത്യന്താപേക്ഷിതമാണെന്ന് കമ്മിറ്റി വിലയിരുത്തി. സർക്കാറിന്റെ ഔദ്യോഗിക പൊതുജന സമ്പർക്ക വിഭാഗമായ ഐ ആന്റ്.പി. ആർ.ഡി കഴിഞ്ഞ നാലു പതിറ്റാണ്ടിനിടയിൽ യാതൊരു മാറ്റത്തിനും വിധേയ മായിട്ടില്ല. പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച കമ്മിറ്റി കേരളത്തിലെ വകുപ്പിന്റെ മുഖച്ഛായ മാറ്റുന്നതിന് ഉതകുന്ന നിർദ്ദേശങ്ങ ളാണ് നൽകിയിട്ടുള്ളത്.

പത്രപ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ചനടത്തു ന്നതിനും അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനുമായി കമ്മിറ്റി വിവിധ ജില്ലകളും മാധ്യമസ്ഥാപനങ്ങളും സന്ദർശിക്കുകയുണ്ടായി. കേരളത്തിൽ അങ്ങോളമി ങ്ങോളം 14 സിറ്റിങ്ങുകൾ നടത്തിയ കമ്മിറ്റി പ്രമുഖ പത്രപ്രവർത്തകർ, വിവിധ ജില്ലകളിലെ പ്രസ്സ് കള്ബ് ഭാരവാഹികൾ മുതലായവരെ നേരിട്ട്കണ്ട് അഭി പ്രായം ആരാഞ്ഞു. ആന്ധ്രാപ്രദേശ് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം നേരിട്ട് മനസിലാക്കാൻ ഹൈദരാബാദ് സന്ദർശിച്ച കമ്മിറ്റി വകു പ്പിന്റെ കമ്മീഷണർ, സീനിയർ ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുക യുണ്ടായി.

മുൻ ദൂരദർശൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീ.കെ.കുഞ്ഞികൃ ഷ്ണൻ അദ്ധ്യക്ഷനായ കമ്മിറ്റിയിൽ പ്രസ് ഇൻഫർമേഷൻ ബ്യൂറോ മുൻ പബ്ലിക് റിലേഷൻസ് ഡയറക്ടർ ശ്രീ.കെ.എൽ.ശ്രീകൃഷ്ണദാസ്, ഏഷ്യാനെറ്റ് ന്യൂസ് റീജിയണൽ എഡിറ്റർ ശ്രീ.എസ്.ബിജു എന്നിവർ അംഗങ്ങളും ഐ. ആന്റ്.പി.ആർ.ഡി പ്ലാനിംഗ് ആന്റ് ഡവലപ്മെന്റ് വിഭാഗം ഇൻഫർമേഷൻ ഓഫീസർ ശ്രീ.കെ.മനോജ്കുമാർ മെമ്പർ സെക്രട്ടറിയുമായിരുന്നു.

***********************